# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2439 — 18.02.16 -ൽ മറുപടിക്ക്

## വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവൻ വണ്ടൂർ പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന 'വരട്ടാറിന്റെ' സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി സംയുക്ത യോഗം വിളിച്ചു ചേർക്കുന്നതിലുള്ള കാലവിളംബത്തിന് കാരണം വിശദമാക്കുമോ;<br>(ബി) ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ അടിയന്തര യോഗം ചേരുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (എ) & (ബി) വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് വിശദമായ ഒരു പാരിസ്ഥിതിക പഠനം ആവശ്യമാണ്. ഈ പഠനത്തിനുശേഷം പൂർവ്വനദിയായ വരട്ടാറിന്റെ ഇപ്പോഴത്തെ ബെഡ് ലവലിന് സമാനമായുള്ള മണലും മറ്റും മാലിന്യങ്ങളും ഡ്രഡ്ജ് ചെയ്യും, അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും മാത്രമേ വരട്ടാറിന്റെ പുനരുദ്ധാരണം സാധ്യമാവുകയുള്ളു. ഇതിനായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ ലഭിച്ചശേഷം സംയുക്ത യോഗം വിളിക്കാവുന്നതാണ്. |
| (സി) നാളിതുവരെ വരട്ടാറിന്റെ ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ? | (സി) വരട്ടാറിന്റെ പുനരുദ്ധാരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കോഴിപ്രം, ഇരവിപേരൂർ, കുറ്റൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/